**2026 ഫെബ്രുവരി 13-15 തീയതികളിൽ നടക്കുന്ന അന്താരാഷ്ട്ര ചൈനീസ് ഭാഷാ സമ്മേളനത്തിനായുള്ള ദൂതുകളുടെ രൂപരേഖകൾ**

**പൊതുവിഷയം:**

**നോഹ, ദാനീയേൽ, ഇയ്യോബ്—ദൈവത്തിന്റെ വ്യവസ്ഥയെ നിറവേറ്റുന്നതിന് ജീവന്റെ രേഖയിൽ ഒരു ജയജീവിതം നയിക്കുന്നതിന്റെ മാതൃകകൾ**

ദൂത് അഞ്ച്

**ഇയ്യോബിനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം—ഒരു നല്ല മനുഷ്യൻ ഒരു ദൈവ-മനുഷ്യനായിത്തീരുന്നതാണ്**

തിരുവെഴുത്ത് വായന: ഇയ്യോ. 1:1, 8; 2:3, 9; 27:5; 31:6; 42:5-6

ഇയ്യോ. 1:1 ഊസ് ദേശത്തു ഇയ്യോബ് എന്നു പേരുള്ളോരു പുരുഷൻ ഉണ്ടായിരുന്നു; അവൻ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു.

ഇയ്യോ. 1:8 യഹോവ സാത്താനോടു: എന്റെ ദാസനായ ഇയ്യോബിന്മേൽ നീ ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ എന്നു അരുളിച്ചെയ്തു.

ഇയ്യോ. 2:3 യഹോവ സാത്താനോടു: എന്റെ ദാസനായ ഇയ്യോബിന്റെമേൽ നീ ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ; അവൻ തന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നു; വെറുതെ അവനെ നശിപ്പിക്കേണ്ടതിന്നു നീ എന്നെ സമ്മതിപ്പിച്ചു എന്നു അരുളിച്ചെയ്തു.

ഇയ്യോ. 2:9 അവന്റെ ഭാര്യ അവനോടു: നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചുപറഞ്ഞു മരിച്ചുകളക എന്നു പറഞ്ഞു.

ഇയ്യോ. 27:5 നിങ്ങളുടെ വാദം ഞാൻ ഒരുനാളും സമ്മതിക്കയില്ല; മരിക്കുവോളം എന്റെ നിഷ്കളങ്കത്വം ഉപേക്ഷിക്കയുമില്ല.

ഇയ്യോ. 31:6 ദൈവം എന്റെ പരമാർത്ഥത അറിയേണ്ടതിന്നു ഒത്ത ത്രാസിൽ എന്നെ തൂക്കിനോക്കുമാറാകട്ടെ -

ഇയ്യോ. 42:5 ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു; ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു.

ഇയ്യോ. 42:6 ആകയാൽ ഞാൻ എന്നെത്തന്നേ വെറുത്തു പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു.

**I. അറുപത്താറ് പുസ്തകങ്ങളുള്ള ബൈബിൾ ഒരു കാര്യത്തിനുവേണ്ടി മാത്രമാണെന്ന് ഇയ്യോബ് വെളിപ്പെടുത്തുന്നു: നാം ക്രിസ്തുവിനെ ജീവിക്കുകയും ക്രിസ്തുവിനെ ആവിഷ്കരിക്കുകയും ചെയ്യേണ്ടതിന്, നമ്മുടെ ജീവനും, നമ്മുടെ പ്രകൃതവും, നമ്മുടെ സകലവുമായിരിക്കുവാൻ ദൈവം ക്രിസ്തുവിൽ ആത്മാവായ് അവനെത്തന്നെ നമ്മിലേക്ക് പകരുന്നതിനുവേണ്ടി—എഫെ. 3:16-17; ഫിലി. 1:21:**

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി

അടിസ്ഥാനപ്പെട്ട്,

ഫിലി. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു...

A. ഇതായിരിക്കണം നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന തത്ത്വം—യോഹ. 6:57.

യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

B. പ്രായോഗികമായ രീതിയിൽ, ഇത് നമ്മുടെ ആസ്വാദനത്തിനായുള്ള ഇന്നത്തെ ജീവവൃക്ഷമായിരിക്കണം—വെളി. 22:14.

വെളി. 22:14 ജീവവൃക്ഷത്തിൽ അവകാശം ഉണ്ടാകേണ്ടതിനും കവാടങ്ങളിൽ കൂടി നഗരത്തിലേക്കു പ്രവേശിക്കേണ്ടതിനും, തങ്ങളുടെ അങ്കി കഴുകുന്നവർ അനുഗ്യഹീതർ.

**II. ഇയ്യോബ് തന്റെ തികവിലും നേരിലും സത്യനിഷ്ഠയിലും തന്നെത്തന്നെ ആവിഷ്കരിക്കുന്ന ഒരു നല്ല മനുഷ്യനായിരുന്നു—ഇയ്യോ. 27:5; 31:6; 32:1:**

ഇയ്യോ. 27:5 നിങ്ങളുടെ വാദം ഞാൻ ഒരുനാളും സമ്മതിക്കയില്ല; മരിക്കുവോളം എന്റെ നിഷ്കളങ്കത്വം ഉപേക്ഷിക്കയുമില്ല.

ഇയ്യോ. 31:6 ദൈവം എന്റെ പരമാർത്ഥത അറിയേണ്ടതിന്നു ഒത്ത ത്രാസിൽ എന്നെ തൂക്കിനോക്കുമാറാകട്ടെ -

ഇയ്യോ. 32:1 അങ്ങനെ ഇയ്യോബ് തനിക്കുതന്നേ നീതിമാനായ്തോന്നിയതുകൊണ്ടു ഈ മൂന്നു പുരുഷന്മാർ അവനോടു വാദിക്കുന്നതു മതിയാക്കി.

A. തികഞ്ഞവനായിരിക്കുന്നത് അകത്തെ മനുഷ്യനോട് ബന്ധപ്പെട്ടതും, നേരുള്ളവനായിരിക്കുന്നത് പുറത്തെ മനുഷ്യനോട് ബന്ധപ്പെട്ടതുമാണ്—1:1.

ഇയ്യോ. 1:1 ഊസ് ദേശത്തു ഇയ്യോബ് എന്നു പേരുള്ളോരു പുരുഷൻ ഉണ്ടായിരുന്നു; അവൻ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു.

B. ഇയ്യോബ് സത്യനിഷ്ഠയുള്ള ഒരു മനുഷ്യനായിരുന്നു; സത്യനിഷ്ഠ എന്നത് തികഞ്ഞവനും നേരുള്ളവനുമായിരിക്കുന്നതിന്റെ ആകത്തുകയാണ്—2:3, 9; 27:5; 31:6:

ഇയ്യോ. 2:3 യഹോവ സാത്താനോടു: എന്റെ ദാസനായ ഇയ്യോബിന്റെമേൽ നീ ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ; അവൻ തന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നു; വെറുതെ അവനെ നശിപ്പിക്കേണ്ടതിന്നു നീ എന്നെ സമ്മതിപ്പിച്ചു എന്നു അരുളിച്ചെയ്തു.

ഇയ്യോ. 2:9 അവന്റെ ഭാര്യ അവനോടു: നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചുപറഞ്ഞു മരിച്ചുകളക എന്നു പറഞ്ഞു.

ഇയ്യോ. 27:5 നിങ്ങളുടെ വാദം ഞാൻ ഒരുനാളും സമ്മതിക്കയില്ല; മരിക്കുവോളം എന്റെ നിഷ്കളങ്കത്വം ഉപേക്ഷിക്കയുമില്ല.

ഇയ്യോ. 31:6 ദൈവം എന്റെ പരമാർത്ഥത അറിയേണ്ടതിന്നു ഒത്ത ത്രാസിൽ എന്നെ തൂക്കിനോക്കുമാറാകട്ടെ -

ഇയ്യോ. 1:1 ഊസ് ദേശത്തു ഇയ്യോബ് എന്നു പേരുള്ളോരു പുരുഷൻ ഉണ്ടായിരുന്നു; അവൻ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു.

1. ഇയ്യോബിനോടുള്ള ബന്ധത്തിൽ, സത്യനിഷ്ഠ എന്നത് അവൻ താൻ ആയിരുന്നതിന്റെ ആകമാന ആവിഷ്കാരമാണ്.
2. സ്വഭാവഗുണത്തിൽ, ഇയ്യോബ് തികഞ്ഞവനും നേരുള്ളവനുമായിരുന്നു, അവന്റെ ധാർമ്മികതയിൽ, അവന് ഉയർന്ന നിലവാരത്തിലുള്ള സത്യനിഷ്ഠ ഉണ്ടായിരുന്നു.

C. ഇയ്യോബ് അനുലോമപരമായി ദൈവത്തെ ഭയപ്പെടുകയും, പ്രതിലോമപരമായി തിന്മയിൽനിന്നും തിരിഞ്ഞുകളയുകയും ചെയ്തു—1:1:

ഇയ്യോ. 1:1 ഊസ് ദേശത്തു ഇയ്യോബ് എന്നു പേരുള്ളോരു പുരുഷൻ ഉണ്ടായിരുന്നു; അവൻ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു.

1. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് കേവലം അവനെ ഭയപ്പെടുവാനും തെറ്റൊന്നും ചെയ്യാതിരിക്കുവാനും വേണ്ടിയല്ല; മറിച്ച്, മനുഷ്യൻ ദൈവത്തെ ആവിഷ്കരിക്കേണ്ടതിന് ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു—ഉല്പ. 1:26.

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

2. ദൈവത്തെ ആവിഷ്കരിക്കുന്നത് ദൈവത്തെ ഭയപ്പെടുന്നതിനെക്കാളും തിന്മയിൽനിന്ന് പിന്തിരിയുന്നതിനേക്കാളും ഉന്നതമാണ്.
3. തന്റെ തകവിലും, നേരിലും, സത്യനിഷ്ഠയിലും ഇയ്യോബ് കരസ്ഥമാക്കിയത് പൂർണ്ണമായും മായയായിരുന്നു; അത് ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുകയോ, അവന്റെ ആഗ്രഹത്തെ തൃപ്തിപ്പെടുത്തുകയോ ചെയ്തില്ല, അതിനാൽ അവൻ ഇയ്യോബിനുവേണ്ടി സ്നേഹത്തോടെ കരുതലുള്ളവനായിരുന്നു—ഇയ്യോ. 1:6-8; 2:1-3.

ഇയ്യോ. 1:6 ഒരു ദിവസം ദൈവപുത്രന്മാർ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നു; അവരുടെ കൂട്ടത്തിൽ സാത്താനും ചെന്നു.

ഇയ്യോ. 1:7 യഹോവ സാത്താനോടു: നീ എവിടെനിന്നു വരുന്നു എന്നു ചോദിച്ചതിന്നു സാത്താൻ യഹോവയോടു: ഞാൻ ഭൂമിയിൽ ഊടാടി സഞ്ചരിച്ചിട്ടു വരുന്നു എന്നുത്തരം പറഞ്ഞു.

ഇയ്യോ. 1:8 യഹോവ സാത്താനോടു: എന്റെ ദാസനായ ഇയ്യോബിന്മേൽ നീ ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ എന്നു അരുളിച്ചെയ്തു.

ഇയ്യോ. 2:1 പിന്നെയും ഒരു ദിവസം ദൈവപുത്രന്മാർ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നു; സാത്താനും അവരുടെ കൂട്ടത്തിൽ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നു.

ഇയ്യോ. 2:2 യഹോവ സാത്താനോടു: നീ എവിടെനിന്നു വരുന്നു എന്നു ചോദിച്ചതിന്നു സാത്താൻ യഹോവയോടു: ഞാൻ ഭൂമിയിൽ ഊടാടി സഞ്ചരിച്ചിട്ടു വരുന്നു എന്നുത്തരം

പറഞ്ഞു.

ഇയ്യോ. 2:3 യഹോവ സാത്താനോടു: എന്റെ ദാസനായ ഇയ്യോബിന്റെമേൽ നീ ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ; അവൻ തന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നു; വെറുതെ അവനെ നശിപ്പിക്കേണ്ടതിന്നു നീ എന്നെ സമ്മതിപ്പിച്ചു എന്നു അരുളിച്ചെയ്തു.

D. ഇയ്യോബിന് ഒരു ആവശ്യമുണ്ടെന്ന് ദൈവം മാത്രമേ അറിഞ്ഞിരുന്നുള്ളൂ—അവന്റെ ഉള്ളിൽ അവന് ദൈവം ഉണ്ടായിരുന്നില്ല; അതുകൊണ്ട്, തന്റെ ഉദ്ദേശ്യനിവൃത്തിക്കുവേണ്ടി അവനെ ആവിഷ്കരിക്കുന്നതിനായി ഇയ്യോബ് തന്നെ നേടണമെന്ന് ദൈവം ആഗ്രഹിച്ചു—42:5-6.

ഇയ്യോ. 42:5 ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു; ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു.

ഇയ്യോ. 42:6 ആകയാൽ ഞാൻ എന്നെത്തന്നേ വെറുത്തു പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു.

**III. ഇയ്യോബ് ദൈവത്തിന്റെ സദ്ഗുണങ്ങളിൽ ദൈവത്തെ ആവിഷ്കരിക്കുന്ന ഒരു ദൈവ-മനുഷ്യനായിരിക്കണം എന്നതായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം—22:24-25; 38:1-3:**

ഇയ്യോ. 22:24 നിന്റെ പൊന്നു പൊടിയിലും ഓഫീർതങ്കം തോട്ടിലെ കല്ലിൻ ഇടയിലും ഇട്ടുകളക.

ഇയ്യോ. 22:25 അപ്പോൾ സർവ്വശക്തൻ നിന്റെ പൊന്നും നിനക്കു വെള്ളിവാളവും ആയിരിക്കും.

ഇയ്യോ. 38:1 അനന്തരം യഹോവ ചുഴലിക്കാറ്റിൽ നിന്നു ഇയ്യോബിനോടു ഉത്തരം അരുളിച്ചെയ്തതെന്തെന്നാൽ:

ഇയ്യോ. 38:2 അറിവില്ലാത്ത വാക്കുകളാൽ ആലോചനയെ ഇരുളാക്കുന്നോരിവനാർ?

ഇയ്യോ. 38:3 നീ പുരുഷനെപ്പോലെ അര മുറുക്കിക്കൊൾക; ഞാൻ നിന്നോടു ചോദിക്കും; എന്നോടു ഉത്തരം പറക.

A. തന്റെ തികവിലും, നീതിയിലും സത്യനിഷ്ഠയിലുമുള്ള അവന്റെ നേട്ടങ്ങൾക്കു പകരം ഇയ്യോബ് ദൈവത്തെ നേടേണ്ടതിന് ദൈവം ഇയ്യോബിനെ ദൈവത്തിന്റെ മണ്ഡലമെന്ന മറ്റൊരു മണ്ഡലത്തിലേക്ക് കൊണ്ടുവന്നു—42:5-6.

ഇയ്യോ. 42:5 ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു; ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു.

ഇയ്യോ. 42:6 ആകയാൽ ഞാൻ എന്നെത്തന്നേ വെറുത്തു പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു.

B. ഇയ്യോബിനെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം അവനെ ദഹിപ്പിക്കുകയും, തികവിലും നേരിലും ഏറ്റവും ഉയർന്ന ധാർമിക നിലവാരത്തിൽ അവൻ പ്രാപ്തമാക്കിയ, അവന്റെ നേട്ടങ്ങളെ ഉരിഞ്ഞുകളയുകയും ചെയ്യുക എന്നതായിരുന്നു—31:6.

ഇയ്യോ. 31:6 ദൈവം എന്റെ പരമാർത്ഥത അറിയേണ്ടതിന്നു ഒത്ത ത്രാസിൽ എന്നെ തൂക്കിനോക്കുമാറാകട്ടെ -

C. ദൈവത്തിന്റെ പ്രകൃതത്തിലും സദ്ഗുണങ്ങളിലും പുതുക്കപ്പെട്ട ഇയ്യോബിനെ കെട്ടുപണി ചെയ്യേണ്ടതിന് സ്വാഭാവിക ഇയ്യോബിനെ അവന്റെ തികവിലും നേരിലും തകർത്തുകളയുക എന്നതായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം—1:6-8; 2:3-6.

ഇയ്യോ. 1:6 ഒരു ദിവസം ദൈവപുത്രന്മാർ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നു; അവരുടെ കൂട്ടത്തിൽ സാത്താനും ചെന്നു.

ഇയ്യോ. 1:7 യഹോവ സാത്താനോടു: നീ എവിടെനിന്നു വരുന്നു എന്നു ചോദിച്ചതിന്നു സാത്താൻ യഹോവയോടു: ഞാൻ ഭൂമിയിൽ ഊടാടി സഞ്ചരിച്ചിട്ടു വരുന്നു എന്നുത്തരം പറഞ്ഞു.

ഇയ്യോ. 1:8 യഹോവ സാത്താനോടു: എന്റെ ദാസനായ ഇയ്യോബിന്മേൽ നീ ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ എന്നു അരുളിച്ചെയ്തു.

ഇയ്യോ. 2:3 യഹോവ സാത്താനോടു: എന്റെ ദാസനായ ഇയ്യോബിന്റെമേൽ നീ ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ; അവൻ തന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നു; വെറുതെ അവനെ നശിപ്പിക്കേണ്ടതിന്നു നീ എന്നെ സമ്മതിപ്പിച്ചു എന്നു അരുളിച്ചെയ്തു.

ഇയ്യോ. 2:4 സാത്താൻ യഹോവയോടു: ത്വക്കിന്നു പകരം ത്വക്; മനുഷ്യൻ തനിക്കുള്ളതൊക്കെയും തന്റെ ജീവന്നു പകരം കൊടുത്തുകളയും.

ഇയ്യോ. 2:5 നിന്റെ കൈ നീട്ടി അവന്റെ അസ്ഥിയും മാംസവും ഒന്നു തൊടുക; അവൻ നിന്നെ മുഖത്തു നോക്കി ത്യജിച്ചുപറയും എന്നുത്തരം പറഞ്ഞു.

ഇയ്യോ. 2:6 യഹോവ സാത്താനോടു: ഇതാ, അവൻ നിന്റെ കയ്യിൽ ഇരിക്കുന്നു; അവന്റെ പ്രാണനെമാത്രം തൊടരുതു എന്നു കല്പിച്ചു.

D. ദൈവത്തിന്റെ ഉദ്ദേശ്യം ഇയ്യോബിനെ ക്രിസ്തുവിൽ ദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടി ദൈവത്തിന്റെ നിറവായിരിക്കുവാൻ ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തുവിനെക്കൊണ്ടു നിറഞ്ഞ ഒരു ദൈവമനുഷ്യനാക്കുക എന്നതായിരുന്നു—1 തിമൊ. 6:11; 2 തിമൊ. 3:17.

1 തിമൊ. 6:11 എന്നാൽ നീയോ, ഹാ! ദൈവത്തിന്റെ മനുഷ്യാ, ഇവ വിട്ടോടുകയും, നീതി, ദൈവികത, വിശ്വാസം, സ്നേഹം, സഹിഷ്ണുത, സൗമ്യത എന്നിവ പിൻപറ്റുകയും ചെയ്യുക.

2 തിമൊ. 3:17 ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും പ്രയോജനമുള്ളതാകുന്നു.

E. ദൈവത്തെ ആവിഷ്കരിക്കുന്നതിനായി, ഇയ്യോബ് ഒരു ദൈവ-മനുഷ്യനായിത്തീരത്തക്കവണ്ണം, ദൈവത്വത്തിലല്ല, ജീവനിലും പ്രകൃതത്തിലും ദൈവത്തെപ്പോലെ ആയിത്തീരുന്നതിന് ദൈവത്തെക്കൊണ്ടുതന്നെ അവനെ പുനർനിർമിക്കുവാനുള്ള ഒരു അടിസ്ഥാനവും ഒരു വഴിയും ദൈവത്തിന് ഉണ്ടായിരിക്കുന്നതിന് അവനെ തകർത്തുകളയുവാൻ ദൈവത്തിന്റെ ഉരിയലും ദഹിപ്പിക്കലും ഇയ്യോബിന്മേൽ പ്രയോഗിക്കപ്പെട്ടു—എഫെ. 3:16-21.

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക്

| | |
|---|---|
| | ശക്തിയോടെ ബലപ്പെടുവാനും, |
| എഫെ. 3:17 | അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്, |
| എഫെ. 3:18 | സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും, |
| എഫെ. 3:19 | പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു. |
| എഫെ. 3:20 | എന്നാൽ നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്ന സകലത്തിനും ഉപരി അതിസമൃദ്ധമായി നമ്മിൽ വ്യാപരിക്കുന്ന ശക്തിക്കൊത്തവണ്ണം ചെയ്യുവാൻ, കഴിയുന്നവന്, |
| എഫെ. 3:21 | സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ. |

**IV. ക്രിസ്തുവിൽ ദൈവം മനുഷ്യനിലേക്ക് സംരചിക്കപ്പെടുകയും, മനുഷ്യൻ ദൈവത്തിലേക്ക് സംരചിക്കപ്പെടുകയും, ദൈവവും മനുഷ്യനും ഒരു അസ്തിത്വമാകുവാൻ ഇഴുകിച്ചേരുകയും ചെയ്തിരിക്കുന്നു, ഇതിനെ ദൈവ-മനുഷ്യൻ എന്ന് വിളിക്കുന്നു—മത്താ. 1:21, 23; ലൂക്കൊ. 1:35; തീത്തൊ. 2:13; 1 തിമൊ. 2:5:**

| | |
|---|---|
| മത്താ. 1:21 | അവൾ ഒരു പുത്രനെ പ്രസവിക്കും, നീയോ അവനു യേശു എന്നു പേർ വിളിക്കേണം, എന്തെന്നാൽ അവൻതന്നെ, തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും. |
| മത്താ. 1:23 | "ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും" (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു). |
| ലൂക്കൊ. 1:35 | ദൂതൻ അവളോട് ഉത്തരം പറഞ്ഞു, പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; അതുകൊണ്ടുതന്നെ ജനിക്കുന്ന വിശുദ്ധമായത് ദൈവപുത്രൻ എന്നു വിളിക്കപ്പെടും. |
| തീത്തൊ. 2:13 | അനുഗൃഹീത പ്രത്യാശയെ, നമ്മുടെ വലിയവനായ ദൈവവും രക്ഷകനുമായ, യേശു ക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയെ കാത്തിരുന്നുകൊണ്ട് തന്നെ, |
| 1 തിമൊ. 2:5 | ദൈവം ഒരുവൻ, ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനും ഒരുവൻ, മനുഷ്യനായ ക്രിസ്തു യേശു, |

A. ദൈവത്തിന്റെ അനേകം പുത്രന്മാരായ അനേകം ദൈവ-മനുഷ്യർ, ആദ്യ ദൈവ-മനുഷ്യനായ ക്രിസ്തുവിന്റെ വർദ്ധനവും പുനരുൽപാദനവും തനിപ്പകർപ്പും തുടർച്ചയും ആണ്—യോഹ. 12:24; എബ്രാ. 2:10; റോമ. 8:29.

| | |
|---|---|
| യോഹ. 12:24 | സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു. |
| എബ്രാ. 2:10 | എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ |

തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

B. ദൈവത്തിന്റെ ജീവനിലും പ്രകൃതത്തിലും പങ്കുചേരുകയും, അങ്ങനെ ദൈവത്തിന്റെ ജീവനിലും പ്രകൃതത്തിലും ദൈവവുമായി ഒന്നായിത്തീരുകയും, അതുവഴി അവനെ ആവിഷ്കരിക്കുകയും ചെയ്യുന്ന ഒരുവനാണ് ഒരു ദൈവ-മനുഷ്യൻ—യോഹ. 3:15; 2 പത്രൊ. 1:4; 1 കൊരി. 6:17.

യോഹ. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

C. ദൈവത്തിന്റെ ജീവനും പ്രകൃതവും ഉള്ളവനായി, ദൈവത്തിന്റെ ഒരു പൈതലാകുവാൻ ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നവനാണ് ഒരു ദൈവ-മനുഷ്യൻ—യോഹ. 1:12-13; 3:6:

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

യോഹ. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

1. ഒരു ദൈവ-മനുഷ്യന് മാനുഷികവും ദിവ്യവും എന്ന രണ്ട് ജീവനുകളും, മനുഷ്യത്വവും ദിവ്യത്വവും എന്ന രണ്ട് പ്രകൃതങ്ങളും ഉണ്ട്.
2. ഒരു ദൈവ-മനുഷ്യൻ ഒരു ജീവ-മനുഷ്യനാണ്—1 യോഹ. 5:11-13; റോമ. 8:2, 6, 10-11.

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

1 യോഹ. 5:13 ദൈവപുത്രന്റെ നാമത്തിലേക്കു വിശ്വസിക്കുന്ന നിങ്ങൾക്ക് നിത്യജീവനുണ്ടെന്ന് അറിയേണ്ടതിന് ആകുന്നു ഈ കാര്യങ്ങൾ ഞാൻ നിങ്ങൾക്ക് എഴുതിയത്.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു,

| | |
|---|---|
| | എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു. |
| റോമ. 8:10 | എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു. |
| റോമ. 8:11 | യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും. |

3. ഒരു ദൈവ-മനുഷ്യൻ ഒരു സ്വർണ്ണ-മനുഷ്യനാണ്—പുറ. 25:11; 1 പത്രൊ. 1:7; വെളി. 3:18; 21:18.

| | |
|---|---|
| പുറ. 25:11 | അതു മുഴുവനും തങ്കംകൊണ്ടു പൊതിയേണം; അകത്തും പുറത്തും പൊതിയേണം; അതിന്റെമേൽ ചുറ്റും പൊന്നുകൊണ്ടുള്ള ഒരു വക്കും ഉണ്ടാക്കേണം. |
| 1 പത്രൊ. 1:7 | അങ്ങനെ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന, തീയാൽ ശോധന ചെയ്യപ്പെടുന്നതെങ്കിലും, നശിച്ചുപോകുന്ന പൊന്നിനെക്കാൾ അധികം വിലയേറിയതായി, യേശു ക്രിസ്തുവിന്റെ വെളിപാടിൽ പുകഴ്ച്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണപ്പെടേണ്ടതിനു തന്നെ; |
| വെളി. 3:18 | നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു. |
| വെളി. 21:18b | ...നഗരം സ്വച്ഛമായ കണ്ണാടിപോലെ, ശുദ്ധതങ്കമായിരുന്നു. |

D. ഒരു ദൈവ-മനുഷ്യൻ തന്റെ ജീവനും ജീവസഹായവും സകലവും എന്ന നിലയിൽ ദൈവം ഉള്ളവനായി, ദൈവത്തെക്കൊണ്ട് സംരചിക്കപ്പെട്ടവനാണ്; അങ്ങനെ, ഒരു ദൈവ-മനുഷ്യൻ ദൈവമാണെങ്കിലും മനുഷ്യനും, മനുഷ്യനാണെങ്കിലും ദൈവവും ആണ്—എഫെ. 3:16-17.

| | |
|---|---|
| എഫെ. 3:16 | അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും, |
| എഫെ. 3:17a | അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും,... |

E. ഒരു ദൈവ-മനുഷ്യൻ ഒരു പുതിയ സൃഷ്ടിയും ക്രിസ്തുവിൽ ദൈവത്തിന്റെ നീതിയുമാണ്—2 കൊരി. 5:17, 21.

| | |
|---|---|
| 2 കൊരി. 5:17 | അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു. |
| 2 കൊരി. 5:21 | പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആയിത്തീരേണ്ടതിന്, അവൻ നമുക്കു പകരം പാപമാക്കി. |

F. ഒരു ദൈവ-മനുഷ്യൻ തന്റെ മുഴുവൻ ആളത്തവുംകൊണ്ട്, അതായത്, തന്റെ ഹൃദയത്തിൽനിന്നും, ദേഹിയിൽനിന്നും, മനസ്സിൽനിന്നും, ശക്തിയിൽനിന്നും, കർത്താവിനെ സ്നേഹിക്കുന്നു—മർക്കൊ. 12:30.

മർക്കൊ. 12:30 നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തിൽനിന്നും, നിന്റെ പൂർണ ദേഹിയിൽനിന്നും, നിന്റെ പൂർണ മനസ്സിൽനിന്നും, നിന്റെ പൂർണ ശക്തിയിൽനിന്നും, നീ സ്നേഹിക്കേണം."

G. ഒരു ദൈവ-മനുഷ്യന് ജഡത്തിൽ ഒരു ആത്മവിശ്വാസവുമില്ല, അവൻ സ്വയത്തെ ത്യജിക്കുകയും, ക്രിസ്തുവിനെ ജീവിക്കുവാൻ ആത്മാവിനെ വ്യായാമം ചെയ്യുകയും ചെയ്യുന്നു—ഫിലി. 3:3; മത്താ. 16:24; 1 തിമൊ. 4:7; ഫിലി. 1:21.

ഫിലി. 3:3 നാം ആകുന്നു പരിച്ഛേദനക്കാർ, ദൈവാത്മാവിനാൽ സേവിക്കുന്നവരും ക്രിസ്തു യേശുവിൽ പ്രശംസിക്കുന്നവരും ജഡത്തിൽ ആശ്രയമില്ലാത്തവരുമായ നാം തന്നെ,

മത്താ. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

1 തിമൊ. 4:7 എന്നാൽ അശുദ്ധമായ കിഴവിക്കഥകളെ നിരസിച്ച്, നിന്നെത്തന്നെ ദൈവികതയിങ്കലേക്ക് അഭ്യസിപ്പിക്കുക.

ഫിലി. 1:21a എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

H. ഒരു ദൈവ-മനുഷ്യൻ, ദൈവശ്വാസം ശ്വസിക്കുന്ന, ദൈവവചനമുള്ള ദൈവത്തിന്റെ മനുഷ്യനാണ്—1 തിമൊ. 6:11; 2 തിമൊ. 3:16-17.

1 തിമൊ. 6:11 എന്നാൽ നീയോ, ഹാ! ദൈവത്തിന്റെ മനുഷ്യാ, ഇവ വിട്ടോടുകയും, നീതി, ദൈവികത, വിശ്വാസം, സ്നേഹം, സഹിഷ്ണുത, സൗമ്യത എന്നിവ പിൻപറ്റുകയും ചെയ്യുക.

2 തിമൊ. 3:16 എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന്,

2 തിമൊ. 3:17 ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും പ്രയോജനമുള്ളതാകുന്നു.

I. താൻ ഒരു സ്വതന്ത്ര വ്യക്തിയല്ല, മറിച്ച് ക്രിസ്തുവിന്റെ ശരീരമായ ഏക പുതുമനുഷ്യനായ സംഘാത ദൈവ-മനുഷ്യന്റെ ഭാഗമാണെന്ന് ഒരു ദൈവ-മനുഷ്യൻ തിരിച്ചറിയുന്നു—1 കൊരി. 12:12-13; എഫെ. 4:16; കൊലൊ. 3:10-11.

1 കൊരി. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.

1 കൊരി. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ്ണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.